

## ജി.എച്ച്.എസ്.എസ്. ഉദിനൂർ

# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025-2026



# ആമുഖം

കാസർഗോഡ് ജില്ലയുടെ ഏകദേശം തെക്കെ അറ്റത്തായി സ്ഥിതിചെയ്യുന്ന പടന്ന ഗ്രാമപഞ്ചായത്തിലാണ് ഉദിനൂർ ഗവ. ഹയർ സെക്കന്ററി സ്കൂൾ. പാഠ്യപാഠ്യേതര രംഗത്ത് സംസ്ഥാനതലത്തിൽ തന്നെ മാതൃകയായി നിലകൊള്ളുന്ന സ്കൂളാണിത്. കാസർഗോഡ് ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികളെ പരീക്ഷയ്ക്കിരുത്തി SSLC യിൽ വർഷങ്ങളായി ഉന്നത വിജയം നേടുന്നു. ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ കുട്ടികൾക്ക് SSLC യിൽ A+ നേട്ടം കൈവരിച്ചു കൊണ്ട് മുന്നേറുകയാണ് ഈ സ്കൂൾ. ദേശീയ സംസ്ഥാന തലങ്ങളിൽ വിവിധ സ്കോളർഷിപ്പ് മത്സരപരീക്ഷകളിൽ പരിശീലനം നൽകുകയും മികവാർന്ന വിജയം നേടാനും സ്കൂളിന് കഴിയുന്നു. ഹയർ സെക്കന്ററി തലത്തിലും മികവു പുലർത്താൻ കഴിയുന്നു എന്നുള്ളത് മറ്റൊരു എടുത്തുപറയേണ്ടുന്ന കാര്യമാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിരംഗത്തും കലാരംഗത്തും
കായിക രംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം (Inclusive Education) പാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു. പെൺകുട്ടികൾക്കായി കരാട്ടേ, തൈകോണ്ടോ പരിശീലനങ്ങളിലൂടെ ആത്മധൈര്യം വർദ്ധിപ്പിക്കാനും സ്വയം പ്രതിരോധത്തിനും സാധിക്കുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിന് സാഹചര്യമൊരുക്കുന്നു.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. പാതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിന് പി.ടി.എ. യുടെ ഇടപെടലും പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ, ജനപ്രതിനിധികൾ, ജില്ലാപഞ്ചായത്ത് തുടങ്ങിയവയുടെ പൂർണമായ സഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നു.കൂടാതെ ഹരിതഭംഗിയാർന്ന, ജൈവസമ്പന്നതയിൽ അലങ്കൃതമായ സ്കൂൾ ക്യാമ്പസ് ശിശു സൗഹൃദപരമായ പഠനാന്തരീക്ഷം എന്നിവ സ്കൂളിന്റെ മുഖമുദ്രയാണ്. 'സ്കൂൾ തന്നെ പാഠപുസ്തകം' എന്ന വിശാലമായ ആശയം ഇവിടെ സാർത്ഥകമാകുന്നു.

ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളിന്റെ അക്കാദമിക നിലവാരത്തിനുള്ള പൊതുസമൂഹത്തിന്റെ അംഗീകാരമാണ് ഇത് നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമികമാസ്റ്റർപ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനവും നലപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ.പൊതുവിദ്യാലയത്തിന്റെ മികവുകൾ സമൂഹ മധ്യത്തിലെത്തിക്കുന്ന വിദ്യാഭ്യാസ വകുപ്പിന്റെ "ഹരിത വിദ്യാലയം' പരിപാടിയിൽ പങ്കെടുത്ത് സ്കൂളിന്റെ മികവുകൾ അവതരിപ്പിക്കാനും ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട് എന്ന് സന്തോഷപൂർവ്വം അറിയിക്കട്ടെ. സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിലെ അധ്യാപക രക്ഷാകർതൃ സമിതിക്കുള്ള സംസ്ഥാന സർക്കാരിന്റെ പുരസ്കാരവും നേടാൻ കഴിഞ്ഞിട്ടുണ്ട്.

## സ്കൂൾ ചരിത്രം

ഉദിനൂർ എന്ന സ്ഥലനാമത്തിന്റെ പൊരുളുമായി ബന്ധപ്പെട്ട് ഒന്നിലേറെ ഐതിഹ്യങ്ങൾ നിലനിൽക്കുന്നു. കോലത്തിരി രാജാവ് ഉദയവർമ്മന്റെ മകൻ ഉദയാദിത്യന്റെ ഊര് അഥവാ ഉദയാദിത്യന്നൂര് എന്നും ക്ഷേത്രപാലകൻ അമ്മ കാളരാത്രിയോടൊപ്പം ഉദയം ചെയ്ത നാട് എന്നീ അർത്ഥത്തിലും സ്ഥലനാമ ചരിത്രമുണ്ട്. ഗംസ്ഥാന പുനസംഘടനയ്ക്ക് മുമ്പ് പഴയ മദിരാശി സംസ്ഥാനത്തിൽപെട്ട സൗത്ത് കാനറ ജില്ലയുടെ ഭാഗമായിരുന്നു ഉദിനൂർ.

ഉരിയരിയും പിടിയരിയും പിടിച്ച് നാടിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് പരിശ്രമിക്കണമെന്ന 1980-ലെ നായനാർ സർക്കാറിന്റെ ആഹ്വാനം ഉദിനൂർ ഗ്രാമത്തിൽസാക്ഷാത്കരിക്കപ്പെട്ടത് 1981-ൽ ഉദിനൂരിൽ ഒരു ഗവ.ഹൈസ്കൂൾ ആരംഭിച്ചതിലൂടെയാണ്. അന്നത്തെ എം.എൽ.എ. ശ്രീ.പി.കരുണാകരൻ അവർകളുടെ നിരന്തരമായ ഇടപെടൽ ഇവിടെ എടുത്ത് പറയേണ്ടതാണ്. പടന്ന ഗ്രാമപഞ്ചായത്തിന്റെയും നാട്ടുകാരുടെയും ശ്രമഫലമായി 3 ഏക്കർ സ്ഥലം സർക്കാരിൽ നിന്നുംഅനുവദിച്ചുകിട്ടുകയും എട്ടാം ക്ലാസിൽ 25 വിദ്യാർത്ഥികളുമായി ഏകാധ്യാപകവിദ്യാലയമായി അധ്യയനം ആരംഭിക്കുകയും ചെയ്തു. ആദ്യ എസ്.എസ്.എൽ.സി. ബാച്ച് 1984-ൽ അനുവദിക്കപ്പെട്ടു. 1985 മുതൽ 100% വിജയം കൈവരിച്ചുകൊണ്ട് പഠനത്തോടൊപ്പം പാഠ്യാനുബന്ധ പ്രവർത്തനങ്ങളിലും മികച്ച സർക്കാർവിദ്യാലയമായി മാറാൻ ചുരുങ്ങിയ കാലം കൊണ്ട് സാധിച്ചു. 1988-ൽ ഹയർ സെക്കന്ററിയായി ഉയർത്തപ്പെട്ട ഈ സ്കൂളിൽ രണ്ട് സയൻസ് ബാച്ചും ഒരു സയൻസ് ബാച്ചും ഒരു ഹ്യൂമാനിറ്റീസ് ബാച്ചുമാണ് നിലവിലുള്ളത്.

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| 1. റവന്യൂ ജില്ല | : | കാസർഗോഡ് |
| 2. സ്കൂൾ കോഡ് | : | 12059 |
| 3. സ്കൂളിന്റെ പേര് | : | ജി.എച്ച്.എസ്.എസ്, ഉദിനൂർ |
| 4. മേൽവിലാസം | : | ഉദിനൂർ.പി.ഒ.<br>കാസർഗോഡ് ജില്ല |
| 5. പിൻകോഡ് | : | 671310 |
| 6. ഫോൺ നമ്പർ | : | 04672 215660 |
| 7. ഇ-മെയിൽ അഡ്രസ് | : | 12059udinur@gmail.com |
| 8. ഗ്രാമ പഞ്ചായത്ത് | : | പടന്ന ഗ്രാമ പഞ്ചായത്ത് |
| 9. വിദ്യാഭ്യാസ ജില്ല | : | കാഞ്ഞങ്ങാട് |
| 10. ഉപജില്ല | : | ചെറുവത്തൂർ |
| 11. ക്ലാസുകൾ | : | 8 മുതൽ 12 വരെ |
| 12. മാനേജ്മെന്റ് | : | ഗവൺമെന്റ് |
| 13. പഠനമാധ്യമം | : | മലയാളം ഇംഗ്ലീഷ് |

## പ്രവർത്തനം - വിശദാംശങ്ങൾ :

# മലയാളം:

കുട്ടികളുടെ സാമൂഹ്യ സാംസ്കാരിക വികാസത്തിനുതകുന്ന ഭാഷയാണ് മലയാളം. തെറ്റില്ലാതെ എഴുതാനും വായിക്കാനും ആസ്വദിക്കുവാനും മലയാള ഭാഷയോളം മികവ് മറ്റൊന്നിനുമില്ല. ഭാഷയുടെ ചരിത്രം, പ്രാധാന്യം എന്നിവ മനസ്സിലാക്കി എഴുത്തുകാരെ ബഹുമാനിച്ച് എഴുത്തിലേക്കും വായനയിലേക്കും കൈപിടിച്ചു നടത്താനുതകുന്നതാകണം ഭാഷാപഠനം. മാർക്ക് വാങ്ങിക്കൽ എന്നതിനുമപ്പുറം മനുഷ്യത്വമുള്ള മനസ്സ് രൂപപ്പെടുത്തുവാനും ഉതകുന്നതാകണം ഭാഷ.

| ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| ഭാഷാപരമായ പിന്നാക്കം പരിഹരിക്കൽ | മുന്നറിവ് പരിശോധന, വാക്കുകൾ ഉറപ്പിക്കൽ, അടിക്കുറിപ്പ് രചന | ജൂൺ ജൂലായ് | പുസ്തകം | അധ്യാപകർ, പി ടി എ |
| വായന മെച്ചപ്പെടുത്തൽ | വായനാവാരം<br>പി എൻ പണിക്കർ അനുസ്മരണം<br>ക്ലബ്ബ് ഉദ്ഘാടനം | ജൂൺ 19 | ലൈബ്രറി<br>ആനുകാലികം | ലൈബ്രറി ,<br>അധ്യാപകർ<br>പി ടി എ |
| നാട്ടു മാഞ്ചോട്ടിൽ - എഴുത്തുകാരൻ | ബഷീർ ദിനം<br>കഥ, കവിതാ വായന<br>വിദ്യാരംഗം<br>ലൈബ്രറിയിലേക്ക് | ജൂലായ് 19 | യാത്ര, ലൈബ്രറി സന്ദർശനം | പി ടി എ |
| മികച്ച എഴുത്തുകാരനാക്കുക | കഥാ കവിതാ ക്യാമ്പ്<br>അഭിനയക്കളരി<br>യാത്ര – എഴുത്തുകാരനോടൊപ്പം<br>പുസ്തകച്ചർച്ച<br>പുസ്തകപ്രകാശനം | മൂന്നു മാസം | | അധ്യാപകർ |
| ആസ്വാദനം മെച്ചപ്പെടുത്തുക | വായനാക്കളരി<br>ആസ്വാദന അവതരണം | | | |

| | | | | |
|---|---|---|---|---|
| | കവി പരിചയം | മൂന്നു മാസം | | അധ്യാപകർ |
| | ശില്പശാല, പുസ്തക നിർമ്മാണം<br>സർഗ്ഗവാസന- ബോർഡ് | 6 മാസം | ലൈബ്രറി , എഴുത്തുകാർ | അധ്യാപകർ<br>പി ടി എ |
| | വെള്ളിയാഴ്ചയിലെ കൂട്ടം (സർഗ്ഗാത്മകം) | | | |
| | അഭിനയക്കളരി - റീഡിംഗ് അംബാസിഡർ<br>റേഡിയോ ദൈനംദിന അവതരണം | വർഷം മുഴുവൻ | | അധ്യാപകർ<br>പി ടി എ |
| എഴുത്തുകാർ<br>ചങ്ങമ്പുഴ | സംഗീതശില്പം | ജൂൺ 17 | | |
| ബഷീർ | കഥാപാത്ര പരിചയം<br>ചുമർവര | ജൂലായ് 5 | | |
| പി | അനുസ്മരണം | ആഗസ്റ്റ് | അസംബ്ലി ഹാൾ | അധ്യാപകർ<br>പി ടി എ |
| അക്കിത്തം | കവിതാവതരണം | ഒക്ടോബർ 15 | | |
| വയലാർ | സിനിമാഗാന മത്സരം | ഒക്ടോബർ 15 | | |
| എം ടി | അനുസ്മരണം | | | |

## ENGLISH

### Standard 8:

| Objective | Activity | Duration | Materials | Support |
|---|---|---|---|---|
| To read English well | Reading Cards<br>Reading simple English books | June, July | Cards, Books | Subject Council |
| To write simple English | Review of the stories that they read the previous month | August, September | | Subject Council |
| To develope listening skill | Listen to audio and jot down the words | October, November | | Subject Council |
| To develope spoken English | English skit, simulation | December, January | | Subject Council |

### Standard 9 :

| Objective | Activity | Duration | Materials | Support |
|---|---|---|---|---|
| To Develope creative skill in English | Role play, choreography of popular poems<br>Recitations<br>Observe environment day by making posters and slogans<br>Observance of reading day – Book review | June, July<br><br><br>June 19 | Cards, Books | Subject Council |
| To encourage independent reading | Introduce books and authors and make them good readers | August, September | | Subject Counci |
| To encourage independent writing | Essay writing<br>story writing | October, November | | Subject Council |
| Dramatization | English skit, English assembly | December, January | | Subject Council |

## Standard 10:

| Objective | Activity | Duration | Materials | Support |
|---|---|---|---|---|
| To Develope creativity in English | Script writing after watching films | June, July | | Subject Council |
| To develope skill in group discussion | Conduct debates, seminars | August, September | | Subject Council |
| To develope communication skill | Interviews<br>English fest (for all classes)<br>Recitation, Extemvore speach<br>Language games,<br>Talk shows, puzzles, skit | October, November, December | | Subject Council,SRG |

# अकादमिक मास्टर प्लान

## हिंदी (एच. एस )

| SL NO | PROGRAMME | ACTIVITY | DURATION | RESPONSIBILITY | FINANCIAL SUPPORT |
|---|---|---|---|---|---|
| 1 | माध्यमिक स्तर के बच्चे अक्षर, चिह्न, शब्द , और आशयों की अवधाणा प्राप्त करना । | प्री टेस्ट के द्वारा बच्चों को चुनना । ऐ सी टी के माध्यम से अक्षर की अवधारणा प्राप्त करने की सहायता देना । शब्दों से वाक्य निर्माण के लिए बच्चों को प्राप्त करना । | जून से अगस्त तक | हिंदी अध्यापिका और हिंदी मंच के कुछ सदस्य । | आर्थिक रूप से कोई सहायता नहीं चाहिए । |
| 2 | आशयों को बिना गलती से प्रकट करने की अवधाणा प्राप्त करना । | पाठ भागों के प्रोक्तियों को स्वतंत्र रूप से लिखने का अवसर बच्चों को देना । अनुवाद ( मलयालम से हिंदि ) करने का अवसर देना । | जून से मार्च तक | हिंदी अध्यापिका । | आर्थिक रूप से कोई सहायता नहीं चाहिए । |
| 3 | रचनापरक अभिव्यक्ति की अवधाणा प्राप्त करना । | दिनाचरणों के अवसर पर और कलोत्सवों के अवसर पर सक्षम छात्रों की भागीधारी सुनिश्चित करना । | जून से मार्च तक | हिंदी अध्यापिका और अन्य अध्यापक । | आर्थिक रूप से कोई सहायता नहीं चाहिए । |

| | | | | | |
|---|---|---|---|---|---|
| 4 | शमावेशी शिक्षा | टीचिंग मान्वल तैयार करते समय दिव्यांग बच्चों के लिए भी कुछ गतिविधियाँ जोडना है । | जून से मार्च तक | हिंदी अध्यापिका | आर्थिक रूप से कोई सहायता नहीं चाहिए । |

| മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്പ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |

ഭൗതികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ലാബ് നവീകരണം | ലാബ് സാമഗ്രികൾ തരംതിരിച്ച് ക്രമീകരിക്കുന്നു. എട്ടാം തരത്തിലെ കുട്ടികൾക്ക് സയൻസ് ലാബ് പരിചയപ്പെടുത്തൽ. | ജൂൺ ആദ്യവാരം | ശാസ്ത്ര അധ്യാപകർ |
| സൈൻബോർഡ് നിർമ്മാണം | ഒമ്പതാം തരത്തിലെ പാഠഭാഗവുമായി ബന്ധപ്പെട്ട് സൈൻബോർഡ് നിർമ്മിച്ച് പ്രദർശിപ്പിക്കൽ. (ക്ലാസിലും സ്കൂളിലും) | ജൂലായ്ജൂലായ് | ശാസ്ത്ര അധ്യാപകർ |
| ചാന്ദ്രദിനാഘോഷം | ചാന്ദ്രദിനവുമായി ബന്ധപ്പെട്ട് 'ബഹിരാകാശ ഗവേഷണത്തിൽ ഇന്ത്യയുടെ പങ്ക് 'എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുന്നു, സ്പെഷൽ അസംബ്ലി | ജൂലായ് | ശാസ്ത്ര അധ്യാപകർ |
| പഠനോപകരണ നിർമ്മാണം | 8, 9, 10 ക്ലാസുകളിൽ പാഠഭാഗവുമായി ബന്ധപ്പെട്ട് വരുന്ന പഠനോപകരണ നിർമ്മാണം | ജൂലായ് | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്ബ് അംഗങ്ങൾ |
| ഓസോൺ ദിനാചരണം | ഓസോൺ ദിനവുമായി ബന്ധപ്പെട്ട് സാമൂഹികശാസ്ത്ര ക്ലബ്ബിന്റെയും സയൻസ് ക്ലബ്ബിന്റെയും അഭിമുഖത്തിൽ ഓസോൺ ദിന ക്വിസ് മത്സരം, ഓസോൺ പാളിയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട ബോധവൽക്കരണം എന്നിവ സംഘടിപ്പിക്കുന്നു . | സെപ്റ്റംബർ | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്ബ് അംഗങ്ങൾ |
| ഊർജ്ജ സംരക്ഷണ ദിനാചരണം | 'ഭാവി തലമുറയ്ക്ക് കൂടി ഊർജ്ജം' എന്ന വിഷയത്തിൽ സെമിനാർ, ഊർജ്ജ സംരക്ഷണ ക്വിസ് | ഡിസംബർ | ശാസ്ത്ര അധ്യാപകർ |
| സമഗ്ര പോർട്ടൽ പരിചയപ്പെടുത്തൽ | ക്ലാസ് പിടിഎ യോഗത്തിൽ സമഗ്ര പോർട്ടലിൽ ഇ-ലേൺ ആപ്പ് പരിചയപ്പെടുത്തുക | ആഗസ്റ്റ് | ശാസ്ത്ര അധ്യാപകർ |
| ദേശീയ ശാസ്ത്ര ദിനാചരണം | ദേശീയ ശാസ്ത്ര ദിനത്തിൽ 'ശാസ്ത്ര സാങ്കേതിക രംഗത്ത് ഇന്ത്യൻ ശാസ്ത്രജ്ഞരുടെ പങ്ക്' എന്ന വിഷയത്തിൽ ഉപന്യാസ രചന സംഘടിപ്പിക്കൽ | ഫെബ്രുവരി | ശാസ്ത്ര അധ്യാപകർ |

## രസതന്ത്രം

| ലക്ഷ്യം / മേഖല | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| നിരീക്ഷണ പാടവം, സംഘാടനം, പരീക്ഷണ മികവ്, കൗതുകം എന്നിവ പരിപോഷിപ്പിക്കൽ | രസതന്ത്ര പരീക്ഷണങ്ങൾ സഹപാഠികൾക്ക് തന്നെ കാണിച്ച കൊടുക്കാൻ ക്ലാസുകളിൽ അവസരം നൽകുന്ന | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ |
| നിർമ്മാണം ശാസ്ത്ര കൗതുകം എന്നിവ പരിപോഷിപ്പിക്കൽ | ആറ്റങ്ങൾ തന്മാത്രകൾ- മോഡലുകൾ കളിമണ്ണ് ഉപയോഗിച്ച് കുട്ടികൾ നിർമ്മിക്കുന്ന പാഠങ്ങളുമായി ബന്ധപ്പെട്ട മറ്റു വസ്തുക്കളുടെ നിർമ്മാണവും പ്രദർശനവും | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ |
| നിരന്തരമായ അന്വേഷണം ലഭിച്ച വിവരങ്ങളുടെ വിശകലനവും ആശയ അവതരണവും | ക്ലാസുകളിൽ ലഘു പ്രോജക്ടുകൾ കൊടുക്കുന്ന മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്ന ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദിയിൽ അവതരിപ്പിക്കാൻ അവസരം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ |
| ശാസ്ത്രീയ മനോഭാവം മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തൽ | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്ന ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ |
| നേരറിവ് നേടൽ അന്വേഷണത്വര വർധിപ്പിക്കൽ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തൽ | ശാസ്ത്രജ്ഞന്മാരുമായി സംവദിക്കൽ, ഫീൽഡ് ട്രിപ്പ് (ലാബുകൾ ഫാക്ടറികൾ സ്ഥലങ്ങൾ) | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ |
| ആശയവിനിമയം ആധുനിക സാങ്കേതികവിദ്യയിലൂടെ | മറ്റു വിദ്യാലയങ്ങളുമായി കുട്ടികൾ അധ്യാപകർ രാജ്യാന്തരതലത്തിലുള്ള ഓൺലൈൻ ആശയവിനിമയം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ |

## ജീവശാസ്ത്രം

| ലക്ഷ്യം / മേഖല | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ലഹരി നിർമ്മാർജ്ജനം | ലഹരി വിരുദ്ധ ദിനവുമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്ലാസ് ,എക്സൈസ് വകുപ്പുമായി സഹകരിച്ച് നടത്തുന്ന പരിപാടികൾ പോസ്റ്റർ നിർമ്മാണം ഡോക്യുമെൻററി പ്രദർശനം ലഹരി വിരുദ്ധ റാലി റോൾപ്ലേ മുതലായവ . | ജൂൺ , ജൂലായ് | സ്കൂൾ സമിതികൾ, അധ്യാപകർ, കുട്ടികൾ, സ്കൂൾ ക്ലബ്ബുകൾ, എക്സൈസ് വകുപ്പ് |
| മഴക്കാല രോഗങ്ങൾ - പ്രതിരോധം | മഴക്കാല ശുചീകരണം ടാങ്ക് കിണറുകൾ എന്നിവ ശുചീകരിക്കൽ ബോധവൽക്കരണ ക്ലാസ് | ജൂൺ - ആഗസ്റ്റ് | ഹെഡ്മാസ്റ്റർ, നോഡൽ ഓഫീസർ, അധ്യാപകർ, പി ടി എ, ഇക്കോ ക്ലബ്ബ്, ജെ ആർ സി |
| മാലിന്യ സംസ്കരണം | ബയോ കമ്പോസ്റ്റ് , റിങ്ങ് കമ്പോസ്റ്റ്, പേപ്പറുകളും പ്ലാസ്റ്റിക്കുകളും വേർതിരിച്ചെടുക്കാനുള്ള ബിന്നുകളുടെ സജ്ജീകരണം | വർഷം മുഴുവൻ | ഹെഡ്മാസ്റ്റർ, അധ്യാപകർ , കുട്ടികൾ |
| കാർഷിക മേഖല പരിപോഷിപ്പിക്കൽ | പച്ചക്കറിത്തോട്ട നിർമ്മാണം പൂന്തോട്ട നിർമ്മാണം ഫീൽഡ് ട്രിപ്പ് | ആഗസ്റ്റ് - മാർച്ച് | അധ്യാപകർ, കുട്ടികൾ, മദർ പി ടി എ |
| ശാസ്ത്രമേള - മുന്നൊരുക്കം | സ്കൂളിലെ ശാസ്ത്ര ക്ലബ്ബിൽ നിന്ന് ശാസ്ത്രാഭിരുചി കൂടുതലുള്ള കുട്ടികളെ കണ്ടെത്തി ശാസ്ത്രമേളയ്ക്ക് വേണ്ടി തയ്യാറാകാൻ സഹായിക്കുന്നു | ജൂൺ - ആഗസ്റ്റ് | സ്കൂൾതല സമിതികൾ |
| ബാല്യത്തിനും കൗമാരത്തിനുമൊപ്പം- ബോധവൽക്കരണം | സ്കൂളിലെ മുഴുവൻ വിദ്യാർഥികൾക്കും കൗമാര വിദ്യാഭ്യാസത്തെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ് റോൾപ്ലേ ഫ്ലാഷ് മോബ് എന്നിവ സംഘടിപ്പിക്കുക മാനസിക സംഘർഷം അനുഭവിക്കുന്ന കുട്ടികൾക്കുള്ള ബോധവൽക്കരണ ക്ലാസ് | ജൂൺ - മാർച്ച് | ക്ലാസ് അധ്യാപകർ, കൗൺസിലർ, പി ടി എ |

ഗണിതശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ ഉറപ്പിക്കൽ. | ഗണിതത്തിലുള്ള മുൻ ധാരണകളുടെ പരിശോധനയും പരിഹാരബോധനവും. | ജൂൺ | ഗണിത അധ്യാപകർ |
| ഓരോ ക്ലാസിലും കൈവരിക്കേണ്ടുന്ന ഉള്ളടക്കപരമായ ധാരണ നേടിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുക | ക്ലാസ് തലത്തിൽ യൂണിറ്റ് ടെസ്റ്റ് നടത്തലും പരിഹാരബോധനവും. | ഓരോ യൂണിറ്റും പഠിപ്പിച്ചു തീരുന്ന മുറയ്ക്ക് (ജൂൺ - മാർച്ച് ) | ഗണിത അധ്യാപകർ |
| ഗണിതത്തിലെ ആശയധാരണ ഉറപ്പിക്കുന്നതിനും പഠിച്ച ആശയങ്ങൾ പ്രായോഗികതലത്തിൽ പരിശീലിക്കുന്നതിനും | ഗണിത ലാബ് പ്രവർത്തനത്തിന്റെ ഭാഗമായി നിർമിതി പ്രവർത്തനങ്ങൾ നടത്തൽ. | | ഗണിത അധ്യാപകർ, എസ് ആർ ജി , പി ടി എ |
| ഗണിതമേള - മുന്നൊരുക്കം | ഓരോ ക്ലാസിലും നേടിയ ശേഷികൾ ഉപയോഗപ്പെടുത്തി ജാമിതീയ നിർമ്മിതികളും ചാർട്ടുകളും തയ്യാറാക്കിക്കൊണ്ടുള്ള ഗണിത മേള സ്കൂൾതലത്തിൽ നടത്തൽ. | ഓരോ ടേമിന്റേയും അവസാനം (ആഗസ്റ്റ്, ഡിസംബർ) | ഗണിത അധ്യാപകർ, എസ് ആർ ജി , പി ടി എ |
| ഗണിതം - ക്ലാസ് തലത്തിലുള്ള പ്രവർത്തനങ്ങൾക്കു പുറമെയുള്ള ആസ്വാദനം | ഗണിതവുമായി ബന്ധപ്പെട്ട ദിനാചരണ പ്രവർത്തനങ്ങൾ . (ഉദാ: pi day – ജൂലായ് 22, ശ്രീനിവാസ രാമനുജൻ ജന്മദിനം - ഡിസംബർ 22) | ബന്ധപ്പെട്ട ദിനങ്ങൾ (ജൂൺ - മാർച്ച്) | ഗണിത അധ്യാപകർ, എസ് ആർ ജി , പി ടി എ |
| ഗണിതത്തിലെ അമൂർത്തമായ ആശയങ്ങൾ നേർക്കാഴ്ചയിലൂടെ ബോധ്യപ്പെടൽ | ജിയോജിബ്ര സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തി ഗണിതാശയങ്ങളുടെ പ്രയോഗം നേർക്കാഴ്ചയായി പ്രദർശിപ്പിക്കൽ. | പാഠഭാഗങ്ങളുടെ അവതരണത്തിനനുബന്ധമായി | ഗണിത അധ്യാപകർ |

## തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

| ലക്ഷ്യം / മേഖല | പ്രവർത്തനം | കാലയളവ് | ചുമതല |
| --- | --- | --- | --- |
| തൊഴിൽ നൈപുണിയും വരുമാന മാർഗ്ഗവും | ഡിഷ് വാഷ് നിർമ്മാണം ഫിനോയിൽ നിർമ്മാണം പുഷ്പകൃഷി, കുട നിർമ്മാണം | ജൂൺ - മാർച്ച് | അധ്യാപകർ , പി ടി എ |
| തൊഴിൽ മേഖലയിലെ വ്യത്യസ്ത തരം തൊഴിലുകളും അവയുടെ ഗുണവും കുട്ടികളിൽ അവബോധം സൃഷ്ടിക്കുക | പല മേഖലകളിൽ കഴിവു തെളിയിച്ച വിദഗ്ധരായവരുമായുള്ള ചർച്ച | രണ്ടു മാസം | അധ്യാപകർ , പി ടി എ |
| കുട്ടികളിൽ കരകൗശലത്തിലുള്ള വൈദഗ്ധ്യം വർദ്ധിപ്പിക്കൽ | പലതരം നിർമ്മാണ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുക | ഒമ്പതു മാസം | അധ്യാപകർ , പി ടി എ |

മേഖല ഹൈസ്കൂൾ കലാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| ിത്രകലയിൽ ുട്ടികളുടെ അഭിരുചി ർധിപ്പിക്കുക | • ആർട് ലാബ് രൂപീകരിക്കുക<br>• ആർട് ഗ്യാലറി നിർമിക്കുക<br>• കലാ പ്രധാന്യം ഉള്ള സ്ഥലങ്ങളിൽ ഫീൽഡ് ട്രിപ്പ് നടത്തുക | ഒരു അധ്യയന വർഷം | കെട്ടിടം | പി ടി എ ആൻഡ് അദ്ധ്യാപകർ |
| ിൽപ്പകല ിചയപ്പെടൽ | • ക്ലേ മോഡലിംഗ്<br>• ഇൻസ്റ്റലേഷൻ<br>• ഫീൽഡ് ട്രിപ്പ് | ഒരു അധ്യയന വർഷം<br>ഒരു അധ്യയന വർഷം | നിർമാണ വസ്തുക്കൾ , | പി ടി എ ആൻഡ് അദ്ധ്യാപകർ |
| ംഗീത മേഖലയെ പരി യപ്പെടുക | • വിവിധ സംഗീത ഉപ കരണങ്ങൾ പരിച യപ്പെടൽ<br>• സംഗീത മേഖലയിൽ പ്രവർത്തിക്കുന്ന വെക്തികളുമായുള്ള സംഭാഷണം / ക്ലാസ് | ഒരു അധ്യയന വർഷം | ഹാൾ ആൻഡ് പ്രൊജക്ടർ, | പി ടി എ ആൻഡ് അദ്ധ്യാപകർ |
| ടറിയുക , നാട ത്ത അറിയുക | • നാടക, അഭിനയ കള രികൾ സംഘടിപ്പിക്കു ക<br>• സ്കൂൾ നാടകം ചി ട്ടപ്പെടുത്തുക | ഒരു അധ്യയന വർഷം | ഹാൾ ആൻഡ് പ്രൊജക്ടർ, | പി ടി എ ആൻഡ് അദ്ധ്യാപകർ |
| മാധ്യമ കലകൾ ചയപ്പെടുക | • സിനിമ നിർമാണത്തിന്റെ വിവിധ മേഖലകൾ പരിചയപ്പെടുക<br>• ഷോർട് ഫിലിം നിർമാണം<br>• ചലച്ചിത്ര പ്രദർശനം | | റെക്കോർഡിങ് സ്റ്റുഡിയോ , ഹാൾ ആൻഡ് പ്രൊജക്ടർ | പി ടി എ ആൻഡ് അദ്ധ്യാപകർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ആരോഗ്യ കായിക വിദ്യാഭ്യാസം

| ക്രമ നമ്പർ | മേഖല അക്കാദമിക്ക് പദ്ധതി | പ്രവർത്തനം | കാലം | ചുമതല | ഫണ്ട് | ഏജൻസി |
|---|---|---|---|---|---|---|
| 1. | യോഗ പരിശീലനം | മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് യോഗ പരിശീലനം നടത്തുക | ജൂൺ മുതൽ ഓഗസ്റ്റ് | കായികാധ്യാപകൻ യോഗ പരിശീലകൻ | 15000 | പി.ടി.എ |
| 2. | എയറോബിക്ക് എക്സർസൈസ് & സുംബാ ഡാൻസ് | മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് എയറോബിക്ക് എക്സർസൈസ്, സുംബാ ഡാൻസ് പരിശീലനം നടത്തുക | ജൂൺ മുതൽ മാർച്ച് | കായികാധ്യാപകൻ എയറോബിക്ക് ട്രെയിനർ & സുംബാ ട്രെയിനർ | 60000 | പി.ടി.എ സ്പോൺസർ |
| 3 | കായികാ ദിനാചരണവും സ്പോർട്സ് ഉപകരണങ്ങളെ പരിചയപ്പെടുത്തലും | പ്രദർശനങ്ങൾ, സെമിനാറുകൾ, ഫ്രണ്ട്ലി മത്സരങ്ങൾ | ഓഗസ്റ്റ് മുതൽ ഒക്ടോബർ | കായികാധ്യാപകനും കായിക മേഖലയിലെ മറ്റ് അധ്യാപകരും | 10000 | പി.ടി.എ. സ്പോൺസർ |
| 4. | ഗെയിംസ് ഇനങ്ങളുടെ പരിശീലനം ഫുട്ബോൾ, കബഡി, ഖോഖോ, ബോൾ ബാഡ്മിന്റൺ, സെപക്താക്രോ, ക്രിക്കറ്റ് | ക്ലാസുകൾ തമ്മിലുള്ള മത്സരങ്ങളിൽ നിന്നും സെലക്ഷൻ കിട്ടിയ കുട്ടികൾക്ക് | ജൂലായ് മുതൽ | കായികാധ്യാപകൻ | 50,000 | പി.ടി.എ. സ്പോൺസർ |
| 5. | അത്‌ലറ്റിക്ക് മത്സരങ്ങളുടെ പരിശീലനം | സ്കൂൾ മീറ്റിന് ശേഷം ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയ കുട്ടികൾക്ക് പരിശീലനം | ഓഗസ്റ്റ് മുതൽ | കായികാധ്യാപകൻ | 50,000 | പി.ടി.എ. സ്പോൺസർ |
| 6. | അന്തരാഷ്ട്ര നിലവാരമുള്ള സ്റ്റേഡിയങ്ങളും, വ്യായാമശാല സന്ദർശിക്കലും. | നമ്മുടെ നാട്ടിലുള്ള അന്തർദേശീയ മത്സരങ്ങൾ നടക്കുന്ന സ്റ്റേഡിയങ്ങൾ സന്ദർശിക്കൽ | ഫെബ്രുവരി | കായികാധ്യാപകൻ | 25,000 | സ്റ്റുഡൻസ് |